ഉത്തരം

(എ) വായ്പകളുടെ തിരിച്ചടവിന് മൊറട്ടോറിയം പ്രഖ്യാപിച്ചിട്ടില്ല. എന്നാൽ സഹകരണ ബാങ്കുകൾ സംസ്ഥാനത്ത് അനുവദിച്ചിട്ടുള്ള കാർഷിക വായ്പകളിന്മേലുള്ള റവന്യൂ റിക്കവറി നടപടികൾക്ക് മാത്രമാണ് ഒരു വർഷത്തേക്ക് മൊറട്ടോറിയം പ്രഖ്യാപിച്ചിട്ടുള്ളത്. ടി മൊറട്ടോറിയത്തിന്റെ കാലാവധി 15-2-2015 വരെ ദീർഘിപ്പിച്ച് ഉത്തരവായിട്ടുണ്ട്. കൂടാതെ മത്സ്യത്തൊഴിലാളികൾ സഹകാര്യ പണമിടപാട് സ്ഥാപനങ്ങൾ ഉൾപ്പെടെ വിവിധ ധനകാര്യ സ്ഥാപനങ്ങളിൽനിന്നും വ്യക്തികളിൽനിന്നും 31-12-2007 വരെ മത്സ്യബന്ധനോപകരണങ്ങൾ വാങ്ങൽ, ഭവനനിർമ്മാണം, കുട്ടികളുടെ വിദ്യാഭ്യാസം, ചികിത്സ, പെൺമക്കളുടെ വിവാഹം എന്നീ ആവശ്യങ്ങൾക്ക് നേടിയിട്ടുള്ള വായ്പകളിന്മേൽ തുടങ്ങിവച്ചതോ തുടർന്നുവരുന്നതോ ആയ ജപ്തി നടപടികൾ ഉൾപ്പെടെയുള്ള റിക്കവറി നടപടികൾക്ക് 31-12-2014 വരെ മൊറട്ടോറിയം അനുവദിച്ച് ഉത്തരവായിട്ടുണ്ട്.

(ബി) 1969-ലെ കേരള സഹകരണ നിയമം ചട്ടം 46(ഇ) പ്രകാരം കേരള സംസ്ഥാന സഹകരണ കാർഷിക ഗ്രാമവികസന ബാങ്കിന്റെ കമ്മിറ്റിയിലുള്ള പ്രാഥമിക സഹകരണ കാർഷിക ഗ്രാമവികസന ബാങ്കുകളുടെ പ്രതിനിധികൾക്ക് ആറ് മാസത്തിൽ കവിഞ്ഞ് കുടിശ്ശിക ആയിട്ടുണ്ടെങ്കിൽ ഭരണസമിതി അംഗമല്ലാതായിത്തീരുന്നതാണ്.

(സി) കാർഷിക വായ്പകളിന്മേലുള്ള റിക്കവറി നടപടികൾക്ക് മൊറട്ടോറിയം പ്രഖ്യാപിച്ചിട്ടുള്ളതിനാലും പട്ടികജാതി പട്ടികവർഗ്ഗ പരിവർത്തിത ക്രൈസ്തവരുടെയും മത്സ്യത്തൊഴിലാളികളുടെയും കടങ്ങൾക്ക് സർക്കാർ കടാശ്വാസ പദ്ധതി പ്രഖ്യാപിച്ചിട്ടുള്ളതിനാലും കേരള കർഷക കടാശ്വാസ കമ്മീഷനിൽ കടാശ്വാസ അപേക്ഷകൾ തീർപ്പാക്കാൻ ബാക്കിനിൽക്കുന്നതിനാലും പ്രാഥമിക കാർഷിക ഗ്രാമ വികസന ബാങ്കുകൾക്ക് സംസ്ഥാന സഹകരണ കാർഷിക ഗ്രാമ വികസന ബാങ്കിലെ വായ്പകൾ തിരിച്ചടയ്ക്കാൻ കഴിയുന്നില്ല. ഇക്കാരണത്താൽ സംസ്ഥാന സഹകരണ കാർഷിക ഗ്രാമവികസന ബാങ്കിന്റെ മാനേജിംഗ് കമ്മിറ്റിയിലുള്ള പ്രാഥമിക സഹകരണ കാർഷിക ഗ്രാമവികസന ബാങ്കുകളുടെ പ്രതിനിധികൾക്ക് ഭരണസമിതി അംഗത്വം നഷ്ടമാകുവാൻ സാധ്യതയുണ്ട്. ആയത് സംസ്ഥാന സഹകരണ കാർഷിക ഗ്രാമ വികസന ബാങ്കിന്റെ പ്രവർത്തനത്തിൽ പ്രതിസന്ധി സൃഷ്ടിക്കും. ടി സാഹചര്യം ഒഴിവാക്കുന്നതിനാണ് പ്രാഥമിക സഹകരണ കാർഷിക ഗ്രാമ വികസന ബാങ്കുകൾക്ക് കേരള സഹകരണ നിയമം ചട്ടം 46(ഇ) യിൽ സർക്കാർ ഇളവ് അനുവദിച്ചത്.

ആലപ്പുഴ ജില്ലയിലെ സഹകരണ ബാങ്കുകളിൽ പട്ടികവിഭാഗക്കാരുടെ വായ്പ എഴുതിത്തള്ളൽ

89 (6540) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സഹകരണ ബാങ്കുകളിൽനിന്നും പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗക്കാർ എടുത്ത വായ്പാതുക എഴുതിത്തള്ളുന്നത് സംബന്ധിച്ച നിലവിലെ മാനദണ്ഡങ്ങളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഈ സർക്കാർ അധികാരമേറ്റശേഷം ആലപ്പുഴ ജില്ലയിൽ സഹകരണ ബാങ്കുകളിൽനിന്നും വായ്പ എടുത്ത ഈ വിഭാഗത്തിൽപ്പെട്ട എത്ര ആളുകളുടെ വായ്പയാണ് എഴുതിത്തള്ളിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ; വിശദാംശങ്ങൾ നൽകുമോ ;

(സി) ഈ സർക്കാർ അധികാരമേറ്റശേഷം ആലപ്പുഴ ജില്ലയിൽ ഇത്തരത്തിൽ വായ്പ എഴുതിത്തള്ളുന്നതിനായി അപേക്ഷ നൽകിയ പട്ടികവി ഭാഗക്കാരുടെ വിശദാംശങ്ങൾ നൽകാമോ ; ഈ അപേക്ഷകളിന്മേൽ സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

ഉത്തരം

(എ) ഒന്നര ലക്ഷംരൂപവരെ വാർഷിക വരുമാനമുള്ള പട്ടികജാതി വിഭാഗക്കാർ സഹകരണസംഘങ്ങളിൽനിന്നും എടുത്തിരുന്നതും 31-3-2006-ൽ തിരിച്ചടവ് കാലാവധി കഴിഞ്ഞ് കുടിശ്ശികയായതുമായ കടങ്ങൾക്ക് കടാശ്വാസം അനുവദിക്കുകയും 50,000 രൂപവരെയുള്ള കടബാധ്യത സർക്കാർ ഏറ്റെടുക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ പട്ടികവർഗ്ഗ വിഭാഗക്കാർ എടുത്ത വായ്പാത്തുക എഴുതിത്തള്ളുന്നതിനുള്ള കടാശ്വാസ പദ്ധതി നിലവിലില്ല.

(ബി&സി) 10-12-2013-ലെ സ.ഉ(അച്ചടി) 99/13/പജപവവിവ നമ്പർ പ്രകാരമുള്ള പദ്ധതി സഹകരണ സംഘങ്ങളിൽ/ബാങ്കുകളിൽ നടപ്പാക്കുന്നതിനായി 12 കോടിരൂപ സർക്കാർ സഹകരണ സംഘം രജിസ്ട്രാർക്ക് അനുവദിച്ചു നൽകിയിട്ടുണ്ട്. ടി ആനുകൂല്യത്തിന് അർഹതപ്പെട്ടവരെ കണ്ടെത്താനുള്ള നടപടിക്രമങ്ങൾ പുരോഗമിച്ചുവരുന്നു.

മരണപ്പെട്ടവരുടെ വായ്പാ കുടിശ്ശികകളുടെ ഒറ്റത്തവണ തീർപ്പാക്കൽ

90 (6541) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സഹകരണ ബാങ്കുകളിൽ നിന്നും വായ്പയെടുത്ത് മരണപ്പെട്ടവരുടെ വായ്പാ കുടിശ്ശികകൾ തിരികെ ഈടാക്കുന്നതിനുള്ള നടപടികൾ എന്തെല്ലാമാണ് ;

(ബി) വായ്പാ കുടിശ്ശിക ഒറ്റത്തവണയായി തീർപ്പാക്കിയാൽ ലഭിക്കുന്ന ആനുകൂല്യങ്ങൾ എന്തെല്ലാമെന്ന് വിശദീകരിക്കാമോ ?

ഉത്തരം

(എ) സഹകരണ ബാങ്കുകളിൽനിന്നും വായ്പയെടുത്ത് മരണപ്പെടുന്ന വായ്പാക്കാരുടെ അനന്തരാവകാശിക്ക് നോട്ടീസ് നൽകി ആർബിട്രേഷൻ എക്സിക്യൂഷൻ നടപടികളും ബാങ്കിംഗ് റഗുലേഷൻ ആക്ടിന്റെ പരിധിയിൽ പ്രവർത്തിക്കുന്ന സഹകരണ ബാങ്കുകൾ ഇതിനുപുറമെ സെക്യൂരിറ്റൈസേഷൻ ആക്ട് പ്രകാരമുള്ള റിക്കവറി നടപടികളുമാണ് സ്വീകരിക്കാറുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly